ഉത്തരം

(എ-ഡി) ശ്രീമതി സുജാതയ്ക്ക് ദേശീയ കുടുംബക്ഷേമ നിധിയിൽ നിന്നും 24-11-2010-ൽ 10,000 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2011-ൽ 10,000 രൂപയും വിതരണം ചെയ്തിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ അപേക്ഷ നിരസിച്ച് അപേക്ഷകയ്ക്ക് 3-2-2013-ൽ മറുപടി നൽകിയിട്ടുള്ളതാണ്.

(ഇ) അപേക്ഷകയ്ക്ക് ധനസഹായം നൽകുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്.

ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായം

72 (77) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന ചികിത്സാ സഹായം സമയത്ത് ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞു കൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ ക്ലിഫ് ഹൗസ് സന്ദർശനം

73 (78) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയെ, 2014 സെപ്തംബർ 28-ന് ഒദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ, മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള നേരിൽ കണ്ടിട്ടുണ്ടായിരുന്നുവോ;

(ബി) സന്ദർശന ഉദ്ദേശ്യം വെളിപ്പെടുത്താമോ;

(സി) ശ്രീ. ആർ. ബാലകൃഷ്ണപിള്ള സന്ദർശനം നടത്തിയ വേളയിൽ, ക്ലിഫ് ഹൗസിലെ ക്ലോസ്ഡ് സർക്യൂട്ട് ടി.വി. പ്രവർത്തനക്ഷമമായിരുന്നുവോ; വിശദമാക്കാമോ ;

Page 1

LIBRARY ARCHIVES Kerala Legislative Assembly